(ബി) പയംകുറ്റിമല ടൂറിസം പദ്ധതിയുടെ ഭാഗമായി സ്റ്റേജ്, അമിനിറ്റി സെന്റർ, ഒബ്സർവേഷൻ ടവർ എന്നിവയാണ് നിർമ്മിച്ചിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പുവഴി നിർവ്വഹണം നടത്തുന്ന ലോകനാർകാവ് പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ നിർമാർജ്ജന പ്ലാന്റുകൾ

329 (1027) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. കോവളം, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി, കുമ്പളങ്ങി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും യോജിച്ച് നടപ്പിലാക്കിവരികയാണ്.

(ബി) മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുവാനുള്ള സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, പ്ലാസ്റ്റിക് പെല്ലറ്റിംഗ് യൂണിറ്റുകൾ, വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റുകൾ മുതലായ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടൂറിസം വകുപ്പ് ഇതിനായി നൽകുന്ന ഉക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വിനിയോഗിക്കുന്നത്.

(ഡി) കോവളം, കുമരകം, മൂന്നാർ, ദേവികുളം, വർക്കല, വൈത്തിരി, കുമ്പളങ്ങി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ പുരോഗമിച്ചുവരുന്നു.

ഒട്ടുമ്പുറം ടൂറിസം പദ്ധതി

330 (1028) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒട്ടുമ്പുറം ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) എന്നത്തേക്ക് രണ്ടാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(ബി) രണ്ടാംഘട്ട പ്രവൃത്തിയിൽ താഴെ പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. Pavilion with Toilet Block
2. Food Court
3. Seating
4. Podium
5. Pathway
6. Utility shop

LIBRARY ARCHIVES Kerala Legislative Assembly